# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3293** **08.11.2019 ൽ മറുപടിയ്ക്ക്**

## കൊണ്ടാഴി കേരഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) 2018-19 ൽ കൃഷി വകുപ്പ് നടപ്പിലാക്കിയ കൊണ്ടാഴി കേരഗ്രാമം പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

എ) 2018-19 വർഷം നടപ്പിലാക്കിയ കൊണ്ടാഴി കേരഗ്രാമം പദ്ധതി പ്രകാരം 37843 തെങ്ങുകൾക്ക് ഉല്പാദനോപാധികൾ (കുമ്മായം, രാസവളം, ജൈവവളം) വിതരണം ചെയ്യുകയും, 49 പമ്പുസെറ്റ്, 86 തെങ്ങുകയറ്റ യന്ത്രം, 4 മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. 55.6 ഹെക്ടർ സ്ഥലത്തെ രോഗബാധയുള്ള തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്

2019-20 വർഷം 62.84 ഹെക്ടർ സ്ഥലത്തെ തെങ്ങുകളുടെ തടം തുറക്കുകയും, കുമ്മായം, രാസവളം, ജൈവവളം എന്നിവ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ബി) പദ്ധതി നടപ്പിലാക്കുന്നതിന് ആകെ ചെലവഴിച്ച തുക എത്ര ;ഇനം തിരിച്ച് വ്യക്തമാക്കാമോ;

ബി) പദ്ധതി നടപ്പിലാക്കുന്നതിൽ ആകെ 51,46,835/- രൂപ ചിലവഴിച്ചു. ഇനംതിരിച്ച വിവരം ചുവടെ ചേർക്കുന്നു.

**ഒന്നാം വർഷം ചെലവഴിച്ച തുക (2018-19)**

| ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|
| പമ്പ്സെറ്റ് വിതരണം ചെയ്തതിന് | 3,62,563 |
| തെങ്ങുകയറ്റ യന്ത്രം വിതരണം ചെയ്തതിന് | 1,72,000 |
| ജൈവവള ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് | 39,795 |
| കേരസമിതിയുടെ പ്രവർത്തന ചിലവ് | 99,980 |
| കൃഷി ഭവനുകളുടെ പ്രവർത്തന ചിലവ് | 15,000 |
| **സംയോജിത പരിചരണ മുറകൾ സ്വീകരിച്ചതിന്** | |
| പുതയിടൽ, ഇടയിളക്കൽ, തടം തുറക്കൽ | 13,24,460 |

| | |
|---|---|
| രോഗം ബാധിച്ചതും ഉല്പാദനക്ഷമത കുറഞ്ഞതുമായ തെങ്ങ് മുറിച്ച് മാറ്റുന്നതിന് | 5,34,708 |
| ജൈവവളം വിതരണം ചെയ്തതിന് | 5,91,608 |
| ഇടവിള കൃഷി | 10,40,000 |
| രാസവളം വിതരണം ചെയ്തതിന് | 1,28,688 |
| കുമ്മായം വിതരണം ചെയ്തതിന് | 2,13,318 |
| ഗുണമേന്മയുള്ള തെങ്ങിൻതൈകൾ നടുന്നതിന് | 18,000 |

**രണ്ടാം വർഷം ചെലവഴിച്ച തുക (2019-20)**

| ഇനം | ചെലവഴിച്ച തുക (രൂപ) |
|---|---|
| പുതയിടൽ, ഇടയിളക്കൽ, തടം തുറക്കൽ | 3,84,895 |
| ജൈവവളം വിതരണം ചെയ്യുന്നതിന് | 27,483 |
| കുമ്മായം വിതരണം ചെയ്യുന്നതിന് | 11,407 |
| രാസവളം വിതരണം ചെയ്യുന്നതിന് | 1,82,930 |

സി) ഇതിനകം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്;

സി) 2018-19- ൽ 1176 കർഷകർക്കും 2019-20-ൽ 252 കർഷകർക്കും ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഡി) കേരകർഷകർക്ക് വലിയ തോതിൽ പ്രയോജനം ചെയ്യുന്ന പ്രസ്തുത പദ്ധതി കൂടുതൽ കൃഷിഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഡി) വരും വർഷങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ഈ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**